"ഭരണഭാഷ-മാതൃഭാഷ"

No.DWCD/6575/2024-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 09-11-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- നവംബർ 14-ശിശു ദിനാഘോഷ പരിപാടികൾ - സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്:-

സൂചന:-

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൻ്റെ(ചാച്ചാജി) ജന്മദിനമായ നവംബർ 14 ശിശുദിനം ആയി ആചരിച്ചു വരുന്നു. എല്ലാ വർഷങ്ങളിലെയും പോലെ ഈ വർഷവും ചുവടെ പറയുന്ന നിർദേശങ്ങൾ പ്രകാരം വൈവിധ്യമാർന്ന പരിപാടികളോടെ അങ്കണവാടി തലത്തിൽ ശിശുദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ALMSC യോഗം ചേർന്ന് ശിശുദിനഘോഷപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.അങ്കണവാടി പരിസരത്ത് കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ശിശു ദിന റാലി സംഘടിപ്പിക്കേണ്ടതാണ്.ശിശുദിനം തീം പ്രകാരമുള്ള എല്ലാ പ്രീസ്കൂൾ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.പ്രീസ്കൂൾ കുട്ടികളുടെ കലാപരിപാടികൾ, ചിത്രരചന തുടങ്ങിയവ നടത്താവുന്നതാണ്.ഗോത്ര മേഖലകളിലേ അങ്കണവാടികളിലും ശിശുദിനാഘോഷ പരിപാടികൾ വർണ്ണാഭമായി സംഘടിപ്പിക്കുന്നുണ്ടെന്നു ശിശുവികസനപദ്ധതിഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ശിശുദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ALMSCയുടെ പങ്കാളിത്തത്തോടെയും പൊതുപ്രവർത്തകരുടെയും, ബന്ധപെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായസഹകരണത്തോടെ സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ, ശിശുവികസനപദ്ധതി ഓഫീസർമാർ ,സൂപ്പർവൈസർമാർ എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ശിശുദിനാഘോഷ പരിപാടികളുടെ ജില്ലാതലത്തിലുള്ള ക്രോഡീകരിച്ച റിപ്പോർട്ട് നവംബർ 25 നകം wcdicdsb2@gmail.com എന്ന ഇ -മെയിൽ വിലാസത്തിൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും ലഭ്യമാക്കേണ്ടതാണ്.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ,

വനിത ശിശു വികസന ഡയറക്ടർ

ശിശുവികസന പദ്ധതി ഓഫീസർമാർക്കും

gned by
riyanka G I A S
ate: 09-11-2024 16:50:37